I ഇ.ബി. XIV - കേരള നിയമസഭ/I-10

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂലൈ 12, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I അടിയന്തരപ്രമേയം

ഡിഫ്ത്തീരിയ രോഗബാധ

മി. സ്പീക്കർ: മലപ്പുറത്തും സമീപജില്ലകളിലുമുൾപ്പെടെ മലബാർ മേഖലയിൽ ഒന്നാകെ പടർന്നുപിടിച്ചുകൊണ്ടിരിക്കുകയും രണ്ട് പേരുടെ മരണത്തിന് കാരണമാകുകയും ചെയ്ത ഡിഫ്ത്തീരിയ എന്ന മാരകരോഗം ആരോഗ്യമേഖലയിലും പൊതുസമൂഹത്തിലും ഉണ്ടാക്കുന്ന ആശങ്കയും ഭീതിയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ

നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. ഉമ്മർ, എ. പി. അനിൽകുമാർ, റോഷി അഗസ്റ്റിൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഡിഫ്ത്തീരിയ രോഗം പടർന്നുപിടിക്കുന്നതായി റിപ്പോർട്ട് ചെയ്ത ഉടൻതന്നെ രോഗികൾക്ക് പ്രത്യേക പരിചരണവും പ്രതിരോധ വാക്സിനും മരുന്നുകളും അടിയന്തിരമായി നൽകുകയുണ്ടായി. സ്കൂൾകുട്ടികൾ അടക്കമുള്ള എല്ലാ കുടുംബാംഗങ്ങൾക്കും പ്രതിരോധ മരുന്നുകൾ നൽകുകയും രോഗലക്ഷണമുള്ളവരുടെ തൊണ്ടയിലെ ശ്രവം പരിശോധനക്കായി അയയ്ക്കുകയും ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളേജ് ഉൾപ്പെടെ എല്ലാ ആശുപത്രികളിലും പ്രതിരോധ വാക്സിൻ എത്തിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. രോഗബാധ റിപ്പോർട്ട് ചെയ്ത വീടുകൾക്ക് ചുറ്റുമുള്ള 100 വീടുകളിൽ സർവ്വേ നടത്തി പൂർണ്ണമായോ ഭാഗികമായോ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾ ഉൾപ്പടെയുള്ള എല്ലാവർക്കും വാക്സിൻ നൽകുകയും ജില്ലയിലെ എല്ലാ കുട്ടികൾക്കും പ്രതിരോധശേഷി ലഭ്യമാക്കുന്നതിനുവേണ്ടി സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ പരിപാടിയിലൂടെ കുത്തിവയ്പ്പ് നൽകിവരികയുമാണ്. ഇതിലേയ്ക്കായി പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും ആരോഗ്യമേഖലയിലെ മറ്റ് പ്രവർത്തകരുടെയും സേവനം

ഉപയോഗപ്പെടുത്തുന്നതാണ്. കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജനപ്രതിനിധികളുടെയും ആരോഗ്യ വകുപ്പുദ്യോഗസ്ഥരുടെയും പ്രത്യേക യോഗം വിളിച്ചുചേർത്ത് കാര്യങ്ങൾ അവലോകനം ചെയ്യുകയും അടിയന്തര കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ചെയ്തു. മലപ്പുറം ജില്ലയിൽ ഡിഫ്തീരിയ രോഗം റിപ്പോർട്ട് ചെയ്ത എട്ട് വികസന ബ്ലോക്കുകളിലെ 10 മുതൽ 16 വയസ്സുവരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി വാക്സിനേഷൻ കർമ്മ പദ്ധതിക്ക് രൂപം നൽകുകയും മറ്റ് ബ്ലോക്കുകളിൽ നിന്നുള്ള ആരോഗ്യ പ്രവർത്തകരെ വിന്യസിപ്പിച്ച് പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ നാന്നൂറിലേറെ നഴ്സിംഗ് വിദ്യാർത്ഥികളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തി ജില്ലയിലാകമാനം വാക്സിനേഷനുമായി ബന്ധപ്പെട്ട പ്രചരണപരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ശിശുരോഗ-കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗങ്ങളിലെ ഡോക്ടർമാരെ ഉൾപ്പെടുത്തി 1300 സ്കൂളുകളിൽ പി.റ്റി.എ. മീറ്റിംഗുകൾ സംഘടിപ്പിച്ച് ബോധവത്കരണ പരിപാടി നടത്താനും നിലവിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച എക്സ്പെർട്ട് ടെക്നിക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ തുടർച്ചയായി

അവലോകനം നടത്താനും തീരുമാനിച്ചിട്ടുണ്ട്. ഡിഫ്തീരിയ രോഗബാധ പൂർണ്ണമായി തടയുന്നതിന് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: 1 മുതൽ 5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ മാത്രം കാണാറുള്ള ഡിഫ്തീരിയ രോഗം ഇന്ന് പ്രായഭേദമന്യേ പടർന്നുപിടിക്കുന്നതിനാൽ എല്ലാവർക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകേണ്ട സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ആരോഗ്യ വകുപ്പ് ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി മഞ്ചേരിയിൽ ഒരു യോഗം വിളിച്ചുചേർത്ത് സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ബോധവത്കരണം നടത്തുകയും ചെയ്തത് സ്വാഗതാർഹമാണ്. പ്രതിരോധ കുത്തിവയ്പ്പ് എടുത്തവർക്ക് രോഗം ബാധിക്കുന്ന അവസ്ഥ ഇല്ലാതാക്കുന്നതിനും വാക്സിൻ നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പ്രതിരോധ കുത്തിവയ്പെടുക്കാത്തവരിലാണ് ഡിഫ്തീരിയ രോഗം ബാധിച്ചിരിക്കുന്നതെന്ന് കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ പ്രായഭേദമന്യെ എല്ലാവർക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകുകയെന്നതാണ് ഉചിതമായ മാർഗ്ഗം. പ്രതിരോധ കുത്തിവയ്പെടുക്കാത്തവരുടെ എണ്ണം കൂടുതലുള്ള മലബാർ പ്രദേശത്ത് പകുതിയോളം പേർ കുത്തിവയ്പെടുത്തുകഴിഞ്ഞു. ബാക്കിയുള്ളവർക്കുകൂടി

മുൻകരുതലെന്ന നിലയ്ക്ക് കുത്തിവയ്പെടുക്കേണ്ടതാണ്. പ്രതിരോധ മരുന്നിന്റെ ദൗർലഭ്യം കണക്കിലെടുത്ത് ആവശ്യമായ മരുന്ന് എത്തിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ആവശ്യത്തിനുള്ള മരുന്ന് വിതരണം ചെയ്തുകഴിഞ്ഞു. കേരളത്തിലെവിടെ ഈ രോഗമുണ്ടായാലും കുത്തിവയ്പെടുക്കുന്നതിനുള്ള മരുന്ന് ആരോഗ്യ വകുപ്പ് ലഭ്യമാക്കുന്നതാണ്. എവിടെയെങ്കിലും ഡിഫ്ത്തീരിയ ക്യാമ്പിന് തടസ്സം നേരിട്ടിട്ടുണ്ടെങ്കിൽ അക്കാര്യം എഴുതി തന്നാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. എല്ലാവരുടേയും പിന്തുണ പ്രതിരോധ നടപടികൾക്കുണ്ടാകണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രതിരോധ വാക്സിൻ എടുക്കുന്നതിനെക്കുറിച്ച് ചില തെറ്റായ വാർത്തകൾ പ്രചരിക്കുന്നുണ്ട്. ഇതിനെതിരെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മലപ്പുറം ജില്ലയിൽ വ്യാപകമായ പ്രചരണം നടത്തിയിട്ടുണ്ട്. ഇമ്മ്യൂണൈസേഷനുവേണ്ടി വേണ്ടത്ര ബോധവൽക്കരണം നടത്താത്തതുകൊണ്ടാണ് വൃദ്ധരിലും ഈ രോഗം കണ്ടുവരുന്നത്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഡിഫ്ത്തീരിയയ്ക്കെതിരെ വ്യാപകമായ പ്രചരണം നടത്തുകയും കുട്ടികളെ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുകയും ചെയ്യണം.

കുട്ടികളുടെ സ്കൂൾ അഡ്മിഷൻ സമയത്തുതന്നെ കുത്തിവയ്പ്പ് നിർബന്ധമാക്കിയാൽ ഈ രോഗത്തെ തടഞ്ഞുനിർത്താൻ സാധിക്കും. ഇപ്പോൾ ഉപയോഗിക്കുന്ന പ്രതിരോധ മരുന്നിനു പകരം പുതിയ മരുന്ന് ഉപയോഗിക്കുകയാണെങ്കിൽ അതിന് ഡബ്ല്യു.എച്ച്.ഒ. പോലെയുള്ള ആധികാരിക സ്ഥാപനങ്ങളുടെ അനുവാദം വാങ്ങിയിട്ടുണ്ടോ എന്ന് പരിശോധിക്കണം. സാമൂഹ്യ-വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ സംയോജിച്ച് ഇക്കാര്യത്തിൽ വേണ്ട അവബോധം ജനങ്ങൾക്ക് നൽകണം.

## II ശ്രദ്ധ ക്ഷണിക്കൽ

### (1) മലബാർ മേഖലയിലെ പ്രവാസികളും വിമാന യാത്രികരും നേരിടുന്ന ബുദ്ധിമുട്ട്

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. പി. വി. അൻവർ സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. എൻ. ഷംസുദ്ദീൻ: കോഴിക്കോട് എയർപോർട്ട് ഭാഗികമായി അടച്ചിട്ടിട്ട് ഒരു വർഷം കഴിഞ്ഞു. ജനങ്ങളുടെ ചിരകാലാഭിലാഷമായ ഈ എയർപോർട്ടിന്റെ റൺവേയുടെ നിർമ്മാണം പൂർത്തീകരിച്ച് 6 മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കുമെന്നാണ് പറഞ്ഞിരുന്നത്. ഈ എയർപോർട്ട് ഭാഗികമായി അടച്ചതുമൂലം 25 ശതമാനത്തോളം യാത്രക്കാർ കുറയുകയും റിയാദ്, ജിദ്ദ തുടങ്ങിയ

സ്ഥലങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ പൂർണ്ണമായും നിർത്തിവയ്ക്കുകയുമാണുണ്ടായത്. ഇവിടെനിന്നുള്ള ഹജ്ജ് യാത്ര പൂർണ്ണമായും മാറ്റിയിരിക്കുകയാണ്. എയർ കാർഗോ 40 ശതമാനം കുറയുകയും എയർപോർട്ട് തുറക്കുന്ന 16 മണിക്കൂറിൽ തിക്കുംതിരക്കും വർദ്ധിച്ച് യാത്രക്കാർ വളരെയധികം ബുദ്ധിമുട്ടുകയും ചെയ്യുന്നു. എയർ ഇന്ത്യ പോലും സർവ്വീസ് നടത്താതെ നിഷേധാത്മകമായ നിലപാടാണ് സ്വീകരിക്കുന്നത്. റൺവേയുടെ പണികൾ പൂർത്തീകരിച്ചാലും വലിയ വിമാനങ്ങൾ ഇവിടെ സർവ്വീസ് നടത്തുമോയെന്ന കാര്യത്തിൽ അധികൃതർക്ക് സംശയമുണ്ട്. 300-ൽ താഴെ യാത്രക്കാരെ കയറ്റുന്ന വിമാനങ്ങളാണ് ഇപ്പോൾ ഇവിടെ സർവ്വീസ് നടത്തുന്നത്. കോഴിക്കോട് വിമാനത്താവളത്തെ ഡൊമസ്റ്റിക് എയർപോർട്ടാക്കി മാറ്റുമോ എന്ന ആശങ്ക നിലനിൽക്കുകയാണ്. വിമാനത്താവളത്തിനാവശ്യമായ സ്ഥലമെടുപ്പിനായി എം.എൽ.എ. അടക്കമുള്ള പ്രമുഖർ ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പ്രവാസികളുടെ യാത്രാദുരിതം അകറ്റി കോഴിക്കോട് എയർപോർട്ടിനെ പൂർവ്വസ്ഥിതിയിലേയ്ക്ക് കൊണ്ടുവരാനുള്ള ആത്മാർത്ഥമായ ശ്രമമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെ ബേസിക് സ്ട്രിപ്പിൽ സ്ഥിതിചെയ്യുന്ന ടെർമിനൽ കെട്ടിടവും ഏപ്രണും മാറ്റി സ്ഥാപിക്കുന്നതിന് 137 ഏക്കർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

അതിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ ആരംഭിച്ചിട്ടില്ല. ജംബോ വിമാനങ്ങൾ സഞ്ചാര യോഗ്യമാക്കുന്നതിന് റൺവേയുടെ നീളം 3400 മീറ്ററും റൺവേ സ്ട്രിപ്പിന്റെ വീതി 300 മീറ്ററുമാക്കണം. പാരലൽ ടാക്സി വേ നിർമ്മിക്കുന്നതിനും റൺവേ എന്റ് സേഫ്റ്റി ഏരിയ നിയമാനുസൃതം 240 മീറ്ററാക്കുന്നതിനും സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. എയർപോർട്ടിൽ ഭൗതിക സാഹചര്യങ്ങൾ സജ്ജമാക്കിയാൽ മാത്രമേ വലിയ വിമാനങ്ങൾക്ക് ഇറങ്ങാൻ കഴിയുകയുള്ളൂ. വിമാനത്താവളത്തിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുകയും നടപടികൾ ത്വരിതപ്പെടുത്തുകയും വേണം. മന്ത്രിമാർ, എം.എൽ.എ.-മാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു യോഗം ഈ മാസം 15-ാം തീയതി കൂടാൻ നിശ്ചയിച്ചിട്ടുണ്ട്. നേരത്തെ ഏറ്റെടുത്ത ഭൂമിക്ക് പുറമെ തൊട്ടടുത്തുള്ള ഭൂമിയുംകൂടി ഏറ്റെടുത്താൽ മാത്രമേ ഇതിനാവശ്യമായ സ്ഥലം ലഭിക്കുകയുള്ളൂ. എല്ലാവരും ഒരുമിച്ച് നിന്ന് ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കണം.

## (2) വിദ്യാഭ്യാസ ധനസഹായ കുടിശ്ശിക

ശ്രീ. ബി. സത്യൻ: ഉദാരവൽക്കരണ നയങ്ങൾ നടപ്പിലാക്കിയതോടെ രാജ്യത്താകെ തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. കിടപ്പാടം വിറ്റുപോലും കുട്ടികളെ പഠിപ്പിക്കുകയെന്ന നിലയിലേയ്ക്ക് പട്ടികജാതി/പട്ടികവർഗ്ഗ/

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ എത്തിച്ചേർന്നിരിക്കുകയാണ്. അവർക്ക് ബഡ്ജറ്റിൽ അനുവദിക്കുന്ന തുക അതാത് വർഷംതന്നെ നൽകുന്നതിനുള്ള നടപടിയുണ്ടാകണം. ഇക്കാര്യങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. അവർക്ക് ലഭിക്കേണ്ട ആനുകൂല്യം അതാത് വർഷംതന്നെ കൊടുക്കുന്നില്ലായെന്ന് മാത്രമല്ല നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പലതും തിരിച്ചുപിടിക്കാനും ശ്രമിക്കുകയാണ്. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഹോസ്റ്റലിൽ ഭക്ഷണ കാര്യത്തിൽപ്പോലും സീലിംഗ് ഏർപ്പെടുത്തിയിരിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർ പഠിക്കുന്ന വിദ്യാലയങ്ങളിൽ അവർക്ക് അർഹതപ്പെട്ട സ്റ്റൈപന്റും ലംപ്സംഗ്രാന്റും മറ്റ് വിഹിതങ്ങളും നൽകാനും അത് അവരുടെ അക്കൗണ്ടുവഴി വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികജാതി, ഒ.ഇ.സി., പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ 189.34 കോടി രൂപയുടെ കുടിശ്ശികയാണുണ്ടായിരുന്നത്. ഈ തുക ബഡ്ജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ

ഉൾപ്പെടുത്തിയതിനാൽ ഈ വർഷം ഒരു രൂപപോലും കുടിശ്ശികയില്ലാതെ അവരുടെ അക്കൗണ്ടിൽ എത്തുന്നതായിരിക്കും. അതുകൊണ്ട് ഈ സാമ്പത്തിക വർഷം യാതൊരു ബുദ്ധിമുട്ടും വിദ്യാർത്ഥികൾക്കുണ്ടാകുകയില്ല. 243 ഹോസ്റ്റലുകളിലായി 18,427 വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്. അവരുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, മെസ് അലവൻസ് തുടങ്ങിയവയിൽ 50 ശതമാനം വർദ്ധനവ് വരുത്തുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. 243 ഹോസ്റ്റലുകളും നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

III **സബ്മിഷൻ**

(1) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

ശ്രീ. എം. രാജഗോപാലൻ : എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾക്ക് സമഗ്രവും ശാശ്വതവുമായ പരിഹാരമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ റവന്യൂ, ആരോഗ്യം, സാമൂഹ്യനീതി, ഭക്ഷ്യ-പൊതുവിതരണം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ മുഖാന്തിരമാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പരാതികൾ

പരിഹരിക്കുന്നതിനുമായി ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെല്ലും എൻഡോസൾഫാൻ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ബന്ധപ്പെട്ട മന്ത്രി ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായി ഒരു ജില്ലാതല സെല്ലും പ്രവർത്തിച്ചുവരുന്നുണ്ട്. ദുരിതബാധിതർക്ക് കൂടുതൽ ധനസഹായം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പുനരധിവാസഗ്രാമം പൂർണ്ണതോതിലാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകും. ദുരിതബാധിതർക്ക് കാര്യക്ഷമമായ ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കും. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും. ദുരിതബാധിത പ്രദേശത്തെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി പഠിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

(2) <u>മുങ്ങിമരണം</u>

<u>ശ്രീ. പി. സി. ജോർജ് പ്ലാത്തോട്ടം</u> : പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വേങ്ങത്താനം മാളിക അരുവിയിൽ മുങ്ങിമരിച്ച രണ്ട് കുട്ടികളുടെ മൃതദേഹങ്ങൾ രാത്രിയിൽ പോസ്റ്റുമോർട്ടം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ 24 മണിക്കൂറും പോസ്റ്റുമോർട്ടം നടത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി

സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വേങ്ങത്താനം മാളിക അരുവിയിൽ കുളിക്കാനിറങ്ങിയ ആറ് കുട്ടികൾ ഉൾപ്പെട്ട സംഘത്തിലെ രണ്ട് കുട്ടികൾ കാൽ വഴുതിവീണ് ഒഴുക്കിൽപ്പെട്ട് മരണപ്പെടുകയുണ്ടായി. കൂടെയുണ്ടായിരുന്ന കുട്ടികളുടെ നിലവിളികേട്ട് മാളികഭാഗത്തുനിന്നും ഓടിയെത്തിയ നാട്ടുകാരും റവന്യൂ ഉദ്യോഗസ്ഥരും ഫയർഫോഴ്സും ചേർന്ന് രക്ഷാപ്രവർത്തനം നടത്തി മൃതദേഹങ്ങൾ കണ്ടെടുത്തു. ഉദ്ദേശം 5 മണിയോടെ മൃതദേഹങ്ങൾ പാലാ സർക്കാർ ആശുപത്രിയിൽ എത്തിച്ചെങ്കിലും അവിടെ ശീതീകരണ സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ കിടങ്ങൂർ എൽ.എൽ.എം. ഹോസ്പിറ്റലിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇന്ന് രാവിലെ ഇൻക്വസ്റ്റ് പൂർത്തിയാക്കി കോട്ടയം മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം നടത്തും. മരണപ്പെട്ട കുട്ടികളുടെ കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000 രൂപ വീതം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സാധാരണ നിലയിലുള്ള പോസ്റ്റുമോർട്ടങ്ങൾ രാത്രികാലങ്ങളിൽ നടത്താൻ

സാധിക്കുമെങ്കിലും കോംപ്ലിക്കേറ്റഡായ ലീഗോ മെഡിക്കൽ കേസുകളിൽ പോസ്റ്റുമോർട്ടം നടത്താൻ രാത്രികാലങ്ങളിൽ സാധിക്കില്ല.

(3) പുനരധിവാസം

ശ്രീ. ജോർജ് എം. തോമസ് : പുല്ലൂരാംപാറ ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): തിരുവമ്പാടിയിലും പുല്ലൂരാംപാറയിലും ഉണ്ടായ ഉരുൾപൊട്ടലും പ്രകൃതിക്ഷോഭവും മൂലമുള്ള ദുരന്തത്തിന് ഇരയായവർക്ക് ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. മാറ്റിപ്പാർപ്പിക്കപ്പെട്ട ദുരന്തബാധിതർക്ക് സൗജന്യറേഷനും ധനസഹായവും അനുവദിക്കുകയും കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമിയും വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വീടുകൾ നഷ്ടപ്പെട്ട് താൽക്കാലിക ആശ്വാസകേന്ദ്രത്തിൽ കഴിയുന്നവരുടെ പുനരധിവാസം സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(4) കടൽഭിത്തി പുനഃസ്ഥാപിക്കൽ

ശ്രീ. ടി. വി. രാജേഷ്: രൂക്ഷമായ കടലാക്രമണം നേരിടുന്ന കല്ല്യാശ്ശേരി

നിയോജകമണ്ഡലത്തിലെ മാടായി, മാട്ടൂൽ പഞ്ചായത്തുകളിലെ തീരദേശ മേഖലകളിൽ കടൽഭിത്തി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): മാടായി, മാട്ടൂൽ പഞ്ചായത്തുകളിലെ വിവിധയിടങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ പ്രവൃത്തികളിലായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. നീരൊഴുക്കുംചാലിലെ ചില ഭാഗങ്ങളിൽ കടൽഭിത്തികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (5) സമഗ്ര പദ്ധതി

ശ്രീ. എം. പി. വിൻസെന്റ്: കോവളം നിയോജകമണ്ഡലത്തിലെ അടിമലത്തുറ മുതൽ പൂവാർ വരെയുള്ള തീരപ്രദേശങ്ങളിലെ വെള്ളക്കെട്ട് നിവാരണം ചെയ്യുന്നതിന് സമഗ്ര പദ്ധതി ആവിഷ്കരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): പൂവാർ മുതൽ അടിമലത്തുറ വരെയുള്ള ഭാഗങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ജലസേചന വകുപ്പ് നടപ്പിലാക്കേണ്ട കാര്യങ്ങളിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്

വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സമഗ്ര പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(6) റോഡ് പണി

ശ്രീ. അനൂപ് ജേക്കബ്: കെ.എസ്.ടി.പി. പദ്ധതിയിൽപ്പെട്ട പിറവം നിയോജകമണ്ഡലത്തിലെ കൂത്താട്ടുകുളം ഉൾപ്പെടെയുള്ള എം.സി. റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും എം.സി.റോഡ് കടന്നുപോകുന്ന പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ബൈപ്പാസുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കെ.എസ്.ടി.പി. II-ാം ഘട്ട പദ്ധതിയിലുൾപ്പെടുത്തിയാണ് ഏറ്റുമാനൂർ-മൂവാറ്റുപുഴ എം.സി.റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നത്. ചോരക്കുഴി മുതൽ അമ്പലംകുന്ന് വരെയുള്ള ഭാഗത്തെ റോഡ് ടാർ ചെയ്യുന്ന ജോലികൾ മഴക്കാലമായതിനാൽ പൂർത്തീകരിച്ചിട്ടില്ല. കൂത്താട്ടുകുളം ടൗൺ ഉൾപ്പെടെയുള്ള പ്രസ്തുത ഭാഗത്തെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം കരാറുകാർക്ക് നൽകിയിട്ടുണ്ട്. 2016 ഡിസംബർ 31-നകം പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(7) ഫണ്ട് അനുവദിക്കൽ

ശ്രീ. വി. ടി. ബൽറാം: കുറ്റിപ്പുറം- കുമ്പിടി - തൃത്താല വി.കെ.കടവ് - പട്ടാമ്പി പാലം ഉൾപ്പെടെ ഷൊർണ്ണൂർ വരെയുള്ള റോഡിന് ഫണ്ട് അനുവദിക്കുന്നതിനും തൃത്താല നിയോജകമണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ജംഗ്ഷൻ മുതൽ പട്ടാമ്പിവരെ 21.6 കി.മീ. ദൈർഘ്യമുള്ള ഒന്നാംഘട്ട പ്രവൃത്തിക്കായി 87 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കേരള റോഡ് ഫണ്ട് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവൃത്തിയിൽ 19.3 കി.മീ. ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഡി.പി.ആർ.പ്രകാരം 87 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചാൽ മാത്രമേ ഈ പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. ഇതിനാവശ്യമായ ധനസമാഹരണത്തിനായി കേരള റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(8) വെള്ളക്കെട്ട്

ശ്രീ. കെ. രാജൻ : ഒല്ലൂർ നിയോജക മണ്ഡലത്തിലെ മണ്ണുത്തി-വാണിയമ്പാറ ദേശീയപാത നിർമ്മാണത്തോടനുബന്ധിച്ച് ഉണ്ടായിട്ടുള്ള വെള്ളക്കെട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ദേശീയപാത 47-ൽ മണ്ണുത്തി-അങ്കമാലി നാലുവരിപാതയുടെ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും പ്രദേശവാസികളുടെ പ്രയാസങ്ങൾ പരിഹരിക്കാനുള്ള നടപടി കൈക്കൊള്ളണമെന്ന് ദേശീയപാത അതോറിറ്റിക്കും മരാമത്ത് വകുപ്പിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രദേശവാസികൾക്ക് സുഗമമായി യാത്ര ചെയ്യുന്നതിനാവശ്യമായ താൽക്കാലിക സംവിധാനം ഏർപ്പെടുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാതയുടെ ഇരുവശങ്ങളിലുമുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ആവശ്യമായ വൈദ്യുതവിളക്കുകൾ സ്ഥാപിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണ്.

(9) റോഡ് നവീകരണം

ശ്രീ. സണ്ണി ജോസഫ്: ഗതാഗതയോഗ്യമല്ലാത്ത പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണത്തിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി ഭരണാനുമതി നൽകിയ വർക്കുകളുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ഉയർന്നതിനെത്തുടർന്ന് ക്യാബിനറ്റ് സബ്കമ്മിറ്റി പരിശോധിക്കുകയും മഴക്കാലപൂർവ്വ പ്രവൃത്തികൾക്കായി 19 കോടി രൂപ

അനുവദിക്കുകയും ഭരണാനുമതി നൽകി പ്രവർത്തനം നടന്നുവരികയുമാണ്. മെമ്പർ നിർദ്ദേശിച്ച റോഡുകളുടെ നവീകരണത്തിനായി എസ്.എൽ.റ്റി.എഫ്. വഴി ഭരണാനുമതി നൽകാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) പായലുകൾ നീക്കം ചെയ്യാൻ നടപടി

ശ്രീമതി യു. പ്രതിഭ ഹരി : ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ ജലാശയങ്ങളിലെ പായലുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിയമങ്ങളും വ്യവസ്ഥകളും അനുസരിച്ച് അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതും ആവർത്തന സ്വഭാവമുള്ളതുമായ പ്രവൃത്തികൾ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നടത്താൻ കഴിയാത്ത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻഫണ്ടും തനതു ഫണ്ടും പ്രയോജനപ്പെടുത്തി കായലുകളിൽ നിന്ന് പായൽ നീക്കം ചെയ്യാവുന്നതാണ്.

## IV **മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ 3(1), (2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

മേശപ്പുറത്തുവച്ചു.

## V ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

ശ്രീ. പി. ടി. എ. റഹീം: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കുളിമാട് കടവ് പാലത്തിനായി 25 കോടി രൂപ അനുവദിച്ച നടപടി സ്വാഗതം ചെയ്യുന്നു. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് 25 കോടി രൂപയായി വർദ്ധിപ്പിച്ചത് ആശ്വാസകരമാണ്. എം.ആർ.പി. രേഖപ്പെടുത്തി വിൽക്കുന്ന പാക്കറ്റുൽപ്പന്നങ്ങൾക്ക് 5 ശതമാനം നികുതി ഏർപ്പെടുത്തിയ സാഹചര്യത്തിൽ ഏതൊക്കെ ഭക്ഷണപദാർത്ഥങ്ങൾ ഇതിൽ ഉൾപ്പെടുമെന്ന കാര്യത്തിൽ വ്യക്തത വരുത്തണം. മൂല്യവർദ്ധിത കാർഷികോത്പന്നങ്ങൾക്കുവേണ്ടി ചെറുകിട-ഇടത്തരം അഗ്രോപാർക്ക് സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്.

ശ്രീ. കെ. സി. ജോസഫ്: ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റാണിത്. ബഡ്ജറ്റിൽ പണം മാറ്റിവയ്ക്കാതെ പദ്ധതികൾമാത്രം പ്രഖ്യാപിക്കുന്ന സമീപനമാണ് ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിരിക്കുന്നത്. മരാമത്ത് വർക്കുകൾക്ക് ഫണ്ട് നൽകി പ്രവൃത്തികൾ

പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം. ഗ്ലോബൽ ക്രൈസിസ്, ഗൾഫ് നാടുകളിലെ സാമ്പത്തിക മാന്ദ്യം, നാണ്യവിളകളുടെ വിലത്തകർച്ച എന്നിവ കാരണം വരുമാനച്ചോർച്ചയുണ്ടായിട്ടും 80 ശതമാനം അധിക വിഭവ സമാഹരണം നടത്താൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. സമാനതകളില്ലാത്ത വമ്പിച്ച വികസനമുണ്ടാക്കാനും ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകളെല്ലാം പൂർത്തീകരണത്തിലേയ്ക്കെത്തിക്കാനും യു.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു. വരുമാനം കണക്കാക്കാതെയുള്ള വികസനമാണ് കഴിഞ്ഞ അഞ്ചു വർഷം യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതുമായ സാംസ്കാരിക സ്ഥാപനങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും മാനുഷികമുഖമുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഓൺലൈൻ വ്യാപാരത്തിലൂടെ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതം ലഭ്യമാക്കാൻ നടപടിയെടുക്കണം. ക്ഷേമ പെൻഷനുകൾ കുടിശ്ശികയുൾപ്പെടെ നൽകുമെന്നും പാർപ്പിട പ്രശ്നം പരിഹരിക്കുമെന്നും സൗജന്യ റേഷൻ പദ്ധതി വിപുലീകരിക്കുമെന്നും സിവിൽ സപ്ലൈസിന്റെ വിപണനശാലകളിൽ നിർണ്ണയിക്കപ്പെട്ട ഇനങ്ങൾക്ക് നിലവിലെ വിലയിൽ

വർദ്ധനവ് വരുത്തുന്നതല്ലെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. ആദിവാസി വിഭാഗത്തിന് ഒരേക്കർ ഭൂമി നൽകുന്നതിനായി തുക നീക്കിവച്ച നടപടി ആശ്വാസകരമാണ്. കാർഷിക പദ്ധതിയുടെ അടങ്കൽ 600 കോടി രൂപയായി വർദ്ധിപ്പിച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. 'കേരഗ്രാമം' പദ്ധതി വ്യാപകമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കൈത്തറി-ഖാദി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നിലപാട് സ്വാഗതാർഹമാണ്. 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുമ്പോൾ അതിന് മേന്മയേറിയ കൈത്തറി വസ്ത്രങ്ങൾ നൽകുമെന്ന സർക്കാർ തീരുമാനത്തിലൂടെ കൈത്തറി സംഘങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കൈത്തറി സംഘങ്ങൾക്ക് ഹാന്റക്സ് അടക്കമുള്ള മേഖലകളിൽനിന്നും കിട്ടാനുള്ള പണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. പുന്നപ്ര -വയലാർ സ്വാതന്ത്ര്യ സമരസേനാനികളുടെ ഡി.എ. കുടിശ്ശിക നൽകുന്നതിനും വിദ്യാഭ്യാസരംഗത്തെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും സ്വീകരിച്ച നിലപാട് ഏറെ അഭിമാനാർഹമാണ്. താലൂക്ക്, ജില്ലാ, ജനറൽ എന്നിങ്ങനെ അപ്ഗ്രേഡ് ചെയ്യപ്പെട്ട ആശുപത്രികളിൽ മാനദണ്ഡങ്ങൾക്കനുസൃതമായി തസ്തികകൾ

സൃഷ്ടിക്കണം.

ശ്രീ. ഐ. ബി. സതീഷ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പരിമിതികൾക്കുള്ളിലും ബാദ്ധ്യതകളുടെ പാരമ്യതയിലും നിന്നുകൊണ്ട് അസാമാന്യമായ ധീരതയും നിശ്ചയദാർഢ്യവും ഭാവനാപൂർണ്ണവുമായ ഒരു ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. നവോത്ഥാന പാരമ്പര്യങ്ങളെ കാത്തുസൂക്ഷിക്കുന്നതും ഭാവി കേരളത്തെ സംബന്ധിച്ച ശുഭപ്രതീക്ഷയുമാണ് ബഡ്ജറ്റ് നിർദ്ദേശങ്ങളിലുള്ളത്. വൈകുണ്ഠസ്വാമികളുടെ പേരിൽ പ്രവർത്തിക്കുന്ന പഠന ഗവേഷണകേന്ദ്രത്തിന് മതിയായ തുക വകയിരുത്തുന്നതിനും അയ്യൻകാളി സ്മരണ നിലനിൽക്കുന്ന ഊരൂട്ടമ്പലം യു.പി.സ്കൂളിനെ കണ്ടല ലഹളയുടെ സ്മാരകമായി സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. മുൻ സർക്കാർ അടിസ്ഥാന വികസനത്തിന് ബഡ്ജറ്റിൽ രണ്ടായിരം കോടി രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിക്കാതെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 4200 കോടി രൂപ വകയിരുത്തിയതിൽ ഇരുപത്തിയേഴ് ശതമാനം മാത്രം ചെലവഴിച്ചും റബ്ബറിന് വിലസ്ഥിരത ഉറപ്പുവരുത്താതെയും ജനങ്ങളെ കബളിപ്പിക്കുകയാണ് ചെയ്തത്. സ്ത്രീവികസന പ്രോജക്ടുകളുടെ

ഭാഗമായുള്ള ജൻഡർ ബഡ്ജറ്റ് പുന:സ്ഥാപിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. പത്തുശതമാനം അടങ്കൽ തുക സ്ത്രീകൾക്ക് പ്രത്യേകമായുള്ള പ്രോജക്ടുകൾക്ക് മാറ്റിവയ്ക്കുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. നഷ്ടപ്പെട്ട കുളങ്ങളും കിണറുകളും മറ്റ് നീരുറവകളും സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്തെ ജലസമൃദ്ധമാക്കണം. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് മെച്ചപ്പെട്ട ചികിത്സാസൗകര്യം ഏർപ്പെടുത്തുന്നതിനും മെച്ചപ്പെട്ട റോഡുകൾ നിർമ്മിക്കുന്നതിനും വൈദ്യുതി, വാട്ടർപൈപ്പുകൾ എന്നിവ ഉൾക്കൊള്ളുന്ന യൂട്ടിലിറ്റി കോറിഡോറുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> ബഡ്ജറ്റിനെ എതിർക്കുന്നു. ഭാവനാപൂർണ്ണവും നിരാശാജനകവുമായ സ്വപ്നപദ്ധതികളാണ് ബഡ്ജറ്റിൽ പരാമർശിച്ചിരിക്കുന്നത്. ബഡ്ജറ്റ് ജനപ്രിയമാക്കണമെന്ന ഉദ്ദേശ്യത്തോടെ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴും സർക്കാരുകൾ തുടർച്ചയാണെന്നുള്ള കാര്യം വിസ്മരിച്ചുകൂടാ. മുൻ എൽ.ഡി.എഫ്. സർക്കാർ അപ്ഗ്രേഡ് ചെയ്ത 174 ഹൈസ്കൂളുകളിൽ 1500-ഓളം പുതിയ

തസ്തികകൾക്ക് അംഗീകാരം നൽകുന്ന നിലപാടാണ് മുൻ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. മുൻ സർക്കാർ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ഹയർ സെക്കണ്ടറി ബാച്ചുകൾക്കും അംഗീകാരം ലഭ്യമാക്കുന്നതിനും കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ പുതുതായി അനുവദിച്ച കോളേജുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം. അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാഭ്യാസ രംഗത്തെ ഉയർത്താൻ ശ്രമിക്കുന്നതോടൊപ്പം നിലവിലുള്ള കൺവെൻഷണൽ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കുട്ടികൾക്ക് ഉപരിപഠനത്തിനുള്ള സൗകര്യംകൂടി ഏർപ്പെടുത്തണം. നടക്കാവ് സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയതുപോലെ സംസ്ഥാനത്തെ 100 സ്കൂളുകൾകൂടി പ്രസ്തുത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി മുൻസർക്കാർ ആവിഷ്കരിച്ച പദ്ധതിയുടെ തുടർനടപടികൾ പൂർത്തീകരിക്കണം. ഹയർ സെക്കണ്ടറി-കോളേജ് തലങ്ങളിൽ നടപ്പിലാക്കിവരുന്ന 'അസാപ്' പദ്ധതിയുടെ മൂന്നാംഘട്ടമെന്ന നിലയിൽ ഓരോ നിയോജകമണ്ഡലങ്ങളിലും സ്കിൽ

പാർക്കുകൾ ആരംഭിക്കുന്നതിന് മുൻകയ്യെടുക്കണം. അദ്ധ്യാപക പാക്കേജ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നതിനുമാവശ്യമായ തുടർനടപടികൾ സ്വീകരിക്കണം. പരപ്പനങ്ങാടി നിയോജകമണ്ഡലത്തിൽ നിർമ്മാണമാരംഭിച്ച ഫിഷിംഗ് ഹാർബറിനും കുണ്ടൂർത്തോട് ജലസേചന പദ്ധതിക്കുമാവശ്യമായ തുക വകയിരുത്തണം.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ബഡ്ജറ്റിനെതിരെ പലതരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കുമ്പോഴും പ്രഖ്യാപിക്കപ്പെട്ട ഓരോ പദ്ധതികളും നടപ്പിലാക്കപ്പെടുമെന്ന് പ്രതിപക്ഷത്തിനുപോലും ഉത്തമബോധ്യമുണ്ട്. പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെയും സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടി അവതരിപ്പിച്ച ബഡ്ജറ്റാണിത്. ഈ ഗവൺമെന്റിന്റെ അഞ്ചുവർഷത്തേയ്ക്കുള്ള ധനവിനിയോഗത്തിന്റെ രൂപരേഖയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ പതിനായിരക്കണക്കിന് വരുന്ന ഭൂരഹിത-ഭവനരഹിതരായ ആളുകൾക്ക് ആശ്വാസം നൽകുന്നതിനുപകരം വൻകിട

ഭൂമാഫിയകൾക്കും എസ്റ്റേറ്റുകാർക്കും കൂട്ടുനിൽക്കുകയും ജനദ്രോഹകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തതിലൂടെ വൻ തിരിച്ചടിയാണ് യു.ഡി.എഫ്.-ന് നേരിടേണ്ടി വന്നത്. അടുത്ത അഞ്ച് വർഷത്തേയ്ക്കുള്ള സംസ്ഥാനത്തിന്റെ മൂലധനച്ചെലവുകൾക്ക് പണം കണ്ടെത്തുന്നതിനും പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കാൻ ഈ ബഡ്ജറ്റിലൂടെ സാധിച്ചു. ഐ.ടി. പാർക്കുകളുടെ ശേഷി ഒരു കോടി ചതുരശ്ര അടി  വർദ്ധിപ്പിക്കുമെന്ന വാഗ്ദാനം നിറവേറ്റാൻ എൽ.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പൊതുവിതരണ രംഗത്തും താൽക്കാലിക നിയമനങ്ങളുടെ മറവിലും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടത്തിയിട്ടുള്ള അഴിമതി പുറത്തുകൊണ്ടുവരണം. സ്ത്രീ ശാക്തീകരണത്തിനായി ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനും കർഷക ആത്മഹത്യകൾ ഇല്ലാതാക്കുന്നതിനും കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെ അഭിനന്ദിക്കുന്നു. കാർഷിക മൂല്യവർദ്ധിത സംരംഭങ്ങളായി പ്രഖ്യാപിച്ച അഗ്രോ പാർക്കുകൾ പ്രശംസനീയമാണ്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ ആലത്തൂർ മോഡേൺ റൈസ് മില്ലും സമീപ പ്രദേശവും ഉപയോഗപ്പെടുത്തി ഒരു റൈസ് പാർക്ക് ആരംഭിക്കുന്നതിനും 2015-ൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നെൽവയൽ-തണ്ണീർത്തട നിയമ ഭേദഗതി റദ്ദാക്കുന്നതിനും ഇ.എം.എസ് ഭവന പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ക്ഷേമ പെൻഷനുകൾ ആയിരം രൂപയായി വർദ്ധിപ്പിച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി തൊഴിൽ രഹിതർക്ക് ഏറെ പ്രത്യാശ നൽകുന്നതാണ്. ആരോഗ്യ മേഖലയുടെ സമഗ്രവികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ള ആശുപത്രികൾ ആധുനീകരിക്കുന്നതിന് തുക മാറ്റിവയ്ക്കുകയും ആശാവർക്കർമാർ മുതൽ സാക്ഷരതാ പ്രേരക് വരെയുള്ളവരുടെ ഓണറേറിയം വർദ്ധിപ്പിക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. ആലത്തൂർ താലൂക്കാശുപത്രി പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കണം. സഹകരണ മേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുള്ള ഈ ബഡ്ജറ്റിനെ കേരളീയ ജനത വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്.

<u>ശ്രീ. കെ. എം. മാണി</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിലെ ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്ന 730 കോടി രൂപയുടെ

അധികച്ചെലവിന് മാത്രമാണ് ഗവർണ്ണറുടെ അംഗീകാരമുള്ളത്. 2016-17-ൽ മാന്ദ്യവിരുദ്ധ പാക്കേജിനു പ്രഖ്യാപിച്ച 12000 കോടി രൂപയും ഭൂമി ഏറ്റെടുക്കലിനുള്ള 8000 കോടി രൂപയും ഉൾപ്പെടെ 20000 കോടി രൂപയുടെ അധികച്ചെലവിന് ഗവർണ്ണറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കണം. ഖജനാവിൽ നിക്ഷേപിക്കാത്തതും കൺസോളിഡേറ്റഡ് ഫണ്ടിൽപ്പെടാത്തതുമായ തുകകളെക്കുറിച്ച് ബഡ്ജറ്റിൽ പറയേണ്ട ആവശ്യമില്ല. മാന്ദ്യവിരുദ്ധ പാക്കേജിൽ പറയുന്ന കാര്യങ്ങൾക്കൊന്നും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസിനെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കമാണ് നടക്കുന്നത്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ മുദ്രവില മൂന്ന് ശതമാനമായും വിലയാധാരങ്ങൾക്കുള്ള മുദ്രവില 8 ശതമാനമായും വർദ്ധിപ്പിച്ചതും പത്തുവർഷം പഴക്കമുള്ള വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയതും പിൻവലിക്കണം. വെളിച്ചെണ്ണ ഉപയോഗിച്ച് നിർമ്മിക്കുന്ന അലക്കുസോപ്പ് ബാറുകളുടേയും കട്ടകളുടേയും നികുതി 5 ശതമാനമായി വർദ്ധിപ്പിച്ചത്

കേരകർഷകർക്ക് ഗുണം ചെയ്യില്ല. എല്ലാ ക്ഷേമ പെൻഷനുകളും 1000 രൂപയായി ഏകീകരിക്കുമ്പോൾ 1000 രൂപയിൽ കൂടുതൽ കിട്ടിക്കൊണ്ടിരുന്ന വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വൃക്ക രോഗികൾക്ക് നൽകുന്ന പെൻഷൻ എന്നിവ 1000 രൂപയായി മാറുന്ന അവസ്ഥ പരിശോധിക്കണം. ഒരു കിലോഗ്രാം റബ്ബറിന്റെ വില 200 രൂപയായി ഉറപ്പുവരുത്തുന്നതിനും ഗോതമ്പ്, തുണി എന്നിവയുടെ നികുതി വർദ്ധനവ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

## VI ക്രമപ്രശ്നം

ഉദ്യോഗസ്ഥർ ഹാജരാകാത്തത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: ബഡ്ജറ്റ് ചർച്ചാവേളയിൽ ധനകാര്യ വകുപ്പിലെ പ്രധാന ഉദ്യോഗസ്ഥർ ഗ്യാലറിയിലില്ലെന്നുള്ളത് ദൗർഭാഗ്യകരമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഈ സഭയെ ഉദ്യോഗസ്ഥർ വളരെ നിസ്സാരവൽക്കരിച്ചു കാണുകയാണ്. ബഡ്ജറ്റ് ചർച്ചാ വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സഭയിൽ ഹാജരായിരിക്കണമെന്നുള്ളത് നടപടിക്രമമാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: എന്തുകൊണ്ടാണ് ഇത്തരമൊരു സാഹചര്യമുണ്ടായതെന്ന് പരിശോധിച്ച് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ധനകാര്യം (തുടർച്ച)**

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമ പെൻഷനുകൾ 1000 രൂപയാക്കി ഉയർത്തിയതും സമഗ്ര ഇൻഷ്വറൻസ് പദ്ധതി, തൊഴിലുറപ്പ് ജോലിക്കാരുടെ ആനുകൂല്യങ്ങൾ, സാന്ത്വന ചികിത്സ, സ്നേഹപൂർവ്വം പദ്ധതി തുടങ്ങിയ ബഡ്ജറ്റ് നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്. കാർഷിക പദ്ധതിയുടെ അടങ്കൽ 600 കോടി രൂപയാക്കി ഉയർത്തുന്നതിനും നാളികേര പാർക്കുകൾ സ്ഥാപിക്കുന്നതിനും സർക്കാർ സ്കൂളുകളുടെ നിലവാരമുയർത്തുന്നതിനും എടുത്ത തീരുമാനം പ്രശംസനീയമാണ്. ജില്ലാ താലൂക്കാശുപത്രികളുടെ വികസനം, കുടിവെള്ള പദ്ധതികൾക്ക് തുക വകയിരുത്തൽ, സ്ത്രീകൾക്കുള്ള പ്രത്യേക വകുപ്പ് രൂപീകരണം, കുടുംബശ്രീയുടെ ശാക്തീകരണം, ആദിവാസികൾക്കുള്ള ഭൂമിക്കായി

തുക നീക്കിവയ്ക്കൽ എന്നിവ പ്രത്യേക ശ്രദ്ധയാകർഷിക്കുന്ന സംരംഭങ്ങളാണ്. ഇന്ദിര ആവാസ് യോജന, പ്രധാനമന്ത്രി സഡക് യോജന, എൻ.ആർ.എച്ച്.എം., മിഡ് ഡേ മീൽ, ഐ.സി.ഡി.എസ്. അഡ്മിനിസ്ട്രേഷൻ, നാഷണൽ സോഷ്യൽ അസിസ്റ്റൻസ്, രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന, ആർ. കെ. വൈ. തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കെല്ലാം തുക വെട്ടിക്കുറച്ചത് കേരളത്തിലെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കും. കേന്ദ്രഗവൺമെന്റിന്റെ പുതിയ നയം കാർഷികരംഗത്തും മൃഗസംരക്ഷണരംഗത്തും ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റത്തിനും കാർഷിക മേഖലയുടെ തകർച്ചയ്ക്കും ഇടയാക്കും. കാർഷികരംഗം ഇന്ന് പ്രതിസന്ധിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കൃഷിക്കാർക്ക് അവരുടെ പ്രയത്നത്തിന് അനുസരിച്ചുള്ള ഫലം ലഭ്യമാകുന്നില്ല. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ലാഭത്തിന്റെ ഒരു വിഹിതം കൃഷിക്കാരന് അവകാശപ്പെട്ടതാണ്. അതിനുവേണ്ടി നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുകയും ഒരു അതോറിറ്റി രൂപീകരിക്കുകയും വേണം. ചിറ്റൂർ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. പാറക്കൽ അബ്ദുള്ള</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ഇടതുമുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രിക മുന്നോട്ടുവച്ച മിക്ക നിർദ്ദേശങ്ങളും ബഡ്ജറ്റിൽ പ്രതിഫലിച്ചിട്ടുണ്ട്. പല ജനപ്രിയ പദ്ധതികളും ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും അവ നടപ്പാക്കുന്നതിന് ചുരുങ്ങിയത് 20,000 കോടി രൂപയെങ്കിലും കണ്ടെത്തേണ്ട അവസ്ഥയാണുള്ളത്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമിയിടപാടിന്റെ മുദ്രപ്പത്രവില മൂന്ന് ശതമാനമാക്കി വർദ്ധിപ്പിച്ചത് ഇടത്തരം ജനവിഭാഗങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നടപടിയാണ്. ചരക്കുവാഹനങ്ങളുടെ നികുതി 10 ശതമാനം വർദ്ധിപ്പിച്ചതിലൂടെ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരും. ബ്രാന്റഡ് റസ്റ്റോറന്റുകളിൽ വിൽക്കപ്പെടുന്ന പിസ, ബർഗർ, സാൻവിച്ച് എന്നിവയ്ക്ക് ഏർപ്പെടുത്തിയ ഫാറ്റ് ടാക്സ് പുന:പരിശോധിക്കണം. പാക്കറ്റ് ഉൽപന്നങ്ങളായ ഗോതമ്പ്, മൈദ, റവ എന്നിവയ്ക്ക് ചുമത്തിയിരിക്കുന്ന നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുന്നതാണ്. വെളിച്ചെണ്ണയ്ക്ക് നികുതി ഏർപ്പെടുത്തിയതിലൂടെ പാമോയിലിന്റെ ഇറക്കുമതിയും ഉപയോഗവും ഗണ്യമായി വർദ്ധിക്കും. ഓരോ നിയോജകമണ്ഡലങ്ങളിലെയും ഒരു സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്നും നെൽവയലുകൾ തരിശ്ശിടാതെ സംരക്ഷിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. നാളികേര കർഷകരെ സംരക്ഷിക്കുന്നതിനായി ബഡ്ജറ്റിൽ കാര്യമായ നിർദ്ദേശങ്ങളൊന്നും ഇല്ലാത്തത് ഖേദകരമാണ്.

കോഴിക്കോട് കുറ്റ്യാടിയിലെ നാളികേര പാർക്കിന്റെ തുടർപ്രവർത്തനത്തിനും കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രവാസികളുടെ ദീർഘകാല ആവശ്യങ്ങൾക്ക് ബഡ്ജറ്റിൽ കാര്യമായ പ്രഖ്യാപനങ്ങളൊന്നുമില്ല. അവരുടെ പുനരധിവാസത്തിനായി അനുവദിച്ച തുക അപര്യാപ്തമാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭാവികേരളത്തിന്റെ സമഗ്രമായ വികസനത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇത് കേരളത്തിൽ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കാനെടുത്ത തീരുമാനം സ്വാഗതാർഹമാണ്. പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ ഫലപ്രദമായ ഇടപെടൽ നടത്താൻ ഈ ബഡ്ജറ്റിലൂടെ സാധിച്ചിട്ടുണ്ട്. പട്ടികജാതിക്കാർക്കും ആദിവാസികൾക്കുമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 25 ശതമാനം വീതം വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി തുക മാറ്റിവച്ചതും 60 വയസ് കഴിഞ്ഞ ട്രാൻസ് ജൻഡേഴ്സിന് പെൻഷൻ അനുവദിച്ചതും സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതും സ്വാഗതാർഹമാണ്. 72 ഐ.ടി.ഐ.-കൾക്ക് എൻ.സി.വി.ടി.-യുടെ അംഗീകാരം നേടിയെടുക്കുന്നതിനും അവയെ

ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് ശ്ലാഘനീയമാണ്.

<u>ശ്രീ. എ. പി. അനിൽകുമാർ</u> : ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലം നിയമന നിരോധനമില്ലായിരുന്നുവെന്ന് ഈ ഗവൺമെന്റ് മറുപടി നൽകുകയും രണ്ടുവർഷത്തേക്ക് ആരോഗ്യ വകുപ്പിൽ ഒഴികെ നിയമനം നടത്താൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്ന് ബഡ്ജറ്റിൽ വ്യക്തമാക്കുകയും ചെയ്തിരിക്കുന്നത് വിരോധാഭാസമാണ്. ഐ.എ.വൈ. പദ്ധതിക്കായി 80 കോടി രൂപ വിനിയോഗിച്ചതും പാവപ്പെട്ടവർക്ക് കൂടുതൽ ഭൂമിയും വീടും അനുവദിച്ചതും വികസന രംഗത്ത് ഏറ്റവുമധികം മുന്നേറ്റമുണ്ടാക്കിയതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തായിരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടുവയ്ക്കുന്നതിന് നൽകിയിരുന്ന തുക 3 ലക്ഷമാക്കി ഉയർത്തുന്നതിനും വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റും ലംപ്സംഗ്രാന്റും വർദ്ധിപ്പിക്കുന്നതിനും യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ഈ ഗവൺമെന്റ് തയ്യാറാകണം. ബഡ്ജറ്റിൽ പരാമർശിച്ചിരിക്കുന്ന പല പദ്ധതികളും നടപ്പാക്കുന്നതിന് പണം കണ്ടെത്തേണ്ടതായിട്ടുണ്ട്. സ്വപ്ന പദ്ധതികൾ മാത്രമാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. ജി. എസ്. ജയലാൽ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരള ജനതയ്ക്ക് പ്രതീക്ഷയും ആശ്വാസവും കരുത്തും പകരുന്നതാണ് ഈ ബഡ്ജറ്റ്. കെടുകാര്യസ്ഥതക്കും അഴിമതിക്കും വിരാമമിട്ട് നികുതി പിരിവ് കാര്യക്ഷമമാക്കാൻ കഴിയുമെന്ന് കഴിഞ്ഞ ഒരു മാസത്തെ പ്രവർത്തനം കൊണ്ടുതന്നെ തെളിയിച്ചിരിക്കുകയാണ്. അഞ്ചുവർഷം കൊണ്ട് ഒരു ലക്ഷം കോടി രൂപയുടെ മുതൽമുടക്കാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്. കേരളം നേരിടുന്ന സാമ്പത്തിക മുരടിപ്പിനെ മറികടക്കാനും ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ച ഉറപ്പുവരുത്താനും പര്യാപ്തമായ കർമ്മ പരിപാടികളാണ് രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിലൂടെ ആവിഷ്കരിച്ചിട്ടുള്ളത്. കാർഷികരംഗം, അനുബന്ധ മേഖലകൾ, പരമ്പരാഗത തൊഴിൽ മേഖലകൾ, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യ ചികിത്സാ മേഖലകൾ, ഗതാഗതം, പരിസ്ഥിതി, സാമൂഹ്യസുരക്ഷ, സംസ്കാരം, വിലക്കയറ്റ നിയന്ത്രണ നടപടികൾ തുടങ്ങി എല്ലാ മേഖലകളിലേയും നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിനെ ശ്രദ്ധേയമാക്കുന്നു. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിനുള്ള സർക്കാരിന്റെ ഇടപെടൽ പ്രശംസനീയമാണ്. സാധാരണ ജനങ്ങൾക്ക് പ്രതീക്ഷയും ആശ്വാസവും നൽകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പൊതുജനാരോഗ്യ മേഖലയിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയണം. പരവൂർ താലൂക്കാശുപത്രിയ്ക്ക്

ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനും പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് പ്രവർത്തന സജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്:</u> ബഡ്ജറ്റിനെ എതിർക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള വസ്തുകൈമാറ്റത്തിന് അനുവദിച്ചിരുന്ന ഇളവുകൾ പുനഃസ്ഥാപിക്കണം. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. നിലവിലുള്ള ഇ-ടെണ്ടർ സമ്പ്രദായം അട്ടിമറിച്ച് സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിനുള്ള തീരുമാനം അംഗീകരിക്കാൻ കഴിയില്ല. ലക്ഷംവീടുകളുടെ പുനർനിർമ്മാണത്തിന് മുൻഗണന നൽകണം.

<u>ശ്രീ. എം. മുകേഷ്:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അധികവിഭവ സമാഹരണത്തിന് ശാസ്ത്രീയവും നൂതനവുമായ സ്രോതസ്സുകൾ കണ്ടെത്തിയ ധനകാര്യ വകുപ്പുമന്ത്രിയുടെ ദീർഘവീക്ഷണത്തെ അഭിനന്ദിക്കുന്നു. പൊതുവിദ്യാലയങ്ങളും സർക്കാരാശുപത്രികളും നവീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. ക്ഷേമപെൻഷനുകളുടെ തുക വർദ്ധിപ്പിക്കുന്നതിനും പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനുമുള്ള തീരുമാനം പാവപ്പെട്ടവർക്ക് ആശ്വാസകരമാണ്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനും കാരുണ്യ ചികിത്സാ പദ്ധതി ജനങ്ങളുടെ അവകാശമാക്കി മാറ്റുന്നതിനുമുള്ള നിർദ്ദേശങ്ങൾ ശ്ലാഘനീയമാണ്. പച്ചക്കറി സ്വയംപര്യാപ്തതയ്ക്കുള്ള

ജനകീയ ക്യാമ്പയിനും കാർഷികപദ്ധതികളുടെ അടങ്കൽ തുക ഉയർത്തുന്നതിനുമുള്ള നിർദ്ദേശം ശ്രദ്ധേയമാണ്. മത്സ്യത്തൊഴിലാളി, കയർ, കശുവണ്ടി മേഖലകൾക്ക് അധികതുക വകയിരുത്തിയ നടപടി സാമൂഹ്യപ്രതിബദ്ധതയുടെ അടയാളമാണ്. സർക്കാർ സ്കൂളുകൾ അന്തർദേശീയ നിലവാരത്തിലെത്തിക്കുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. കൊല്ലം ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തി ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും തസ്തികകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. കൊല്ലം നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. കലാസാംസ്കാരിക സംഘങ്ങൾക്കും നൃത്തസംഗീത വിദ്യാലയങ്ങൾക്കുമുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും കുടിശ്ശികതുക കൊടുത്തുതീർക്കുന്നതിനും സിനിമയെ വ്യവസായമായി പ്രഖ്യാപിക്കുന്നതിനും നടപടിയുണ്ടാകണം. ഫിലിം ഫെസ്റ്റിവലിന് സ്ഥിരംവേദി നിർമ്മിക്കുന്നതിന് തുക വകയിരുത്തിയ നടപടി സന്തോഷകരമാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന മാന്ദ്യ വിരുദ്ധ പാക്കേജിലും മലബാർ പാക്കേജിലും ഉൾക്കൊള്ളിച്ചിരുന്ന പദ്ധതികൾ

യു.ഡി.എഫ്. ഗവൺമെന്റ് പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലാ ഫ്ലാഗ്ഷിപ്പ് പ്രോജക്ടിൽ ഉൾപ്പെട്ട കുണ്ടല്ലൂർ-വൈറ്റില ഫ്ലൈ ഓവർ, സീപോർട്ട്-എയർപോർട്ട് റോഡ് എന്നിവ പുതുക്കിയ ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ല. ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമായി ഭൂമി നൽകിയവർക്ക് ഒരു പാക്കേജ് കൊണ്ടുവരികയും ജനസാന്ദ്രതയുള്ള സ്ഥലങ്ങൾ ഒഴിവാക്കുകയും ചെയ്യണം.

ശ്രീ. എം. സ്വരാജ് : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാധാരണക്കാരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള ഇച്ഛാശക്തിയോടുകൂടിയ ഒരു ബഡ്ജറ്റാണിത്. ഭൂമിയും വീടും ഇല്ലാത്തവർക്ക് അവ നൽകുമെന്ന പ്രഖ്യാപനത്തിലൂടെ എൽ.ഡി.എഫ്. സർക്കാർ ഒരു പുതിയ യുഗത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം 50 ശതമാനം വർദ്ധിപ്പിച്ചതും സ്ത്രീകൾക്കായി പ്രത്യേക വകുപ്പ് ആരംഭിക്കുമെന്ന പ്രഖ്യാപനവും 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി 700 കോടിയിലധികം രൂപയും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി 500 കോടി രൂപയും നീക്കിവച്ചതും പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാനും നിലവാരം ഉയർത്താനുമുള്ള പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും സ്വാഗതാർഹമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ബഡ്ജറ്റിനെ എതിർക്കുന്നു. ആയിരം രൂപയിൽ

കൂടുതൽ വാങ്ങുന്ന ക്ഷേമപെൻഷനുകളുടെ തുകയിൽ കുറവുവരുത്തരുത്. നിയമസഭയിൽ സമർപ്പിച്ച വൈറ്റ് പേപ്പറിൽ നികുതിയേതര വരുമാനത്തെക്കുറിച്ച് പരാമർശിക്കാത്തത് സംബന്ധിച്ച് വ്യക്തമാക്കണം. കാരുണ്യ ബെനവലന്റ് സ്കീം പൂർണ്ണമായും പ്രയോജനപ്പെടുത്തി മുന്നോട്ടുപോകണം. രണ്ട് ശമ്പള കമ്മീഷനുകളുടെ ബാധ്യത ഏറ്റെടുക്കേണ്ടിവന്നതിനാലാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എക്സ്പെൻഡിച്ചർ വർദ്ധിക്കാനിടയായത്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് 1,67,096 പേർക്ക് പി.എസ്.സി. മുഖാന്തിരം ജോലി നൽകാനും 46323 പുതിയ തസ്തികകൾ സൃഷ്ടിക്കാനും അടിസ്ഥാന ശമ്പളത്തിന്റെ പത്ത് ശതമാനംകൂടി അധീഷണലായി നൽകിക്കൊണ്ട് പങ്കാളിത്ത പെൻഷൻ നടപ്പിലാക്കാനും സാധിച്ചു. നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുന്നതിനും രണ്ട് ഹെക്ടറിന് മുകളിൽ ഭൂമിയുള്ള റബ്ബർ കർഷകർക്ക് സബ്സിഡി നൽകുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. യാഥാർത്ഥ്യബോധത്തിലധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്താനുള്ള നടപടികൾ ഉൾക്കൊള്ളുന്ന ഒരു ബഡ്ജറ്റാണിത്. നികുതി പിരിച്ചെടുക്കാനോ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ നടപ്പിലാക്കാനോ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. യു.ഡി.എഫ് സർക്കാർ വൻകിടക്കാർക്ക് നികുതി ഇളവ് അനുവദിക്കുകയും അഴിമതിരഹിത വാളയാർ പദ്ധതി തകർക്കുകയും

ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലാതാക്കുകയും നികുതി കുടിശ്ശികയും നികുതിയും പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുകയും നികുതിയേതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തു. ഒൻപതിന പരിപാടിയിലൂടെ നികുതി പിരിച്ചെടുക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. നെല്ലിന്റെ സംഭരണവില 25 രൂപയായി വർദ്ധിപ്പിക്കണമെന്നും കോങ്ങാട് നിയോജകമണ്ഡലത്തിൽ പുതിയ റോഡുകൾ അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## VII അറിയിപ്പ്

മി. സ്പീക്കർ: കാർട്ടൂൺ അക്കാഡമി ബഹുമാനപ്പെട്ട എല്ലാ നിയമസഭാംഗങ്ങളുടെയും കാരിക്കേച്ചറുകൾ തയ്യാറാക്കി മെമ്പേഴ്സ് ലോഞ്ചിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളെയും അവിടേയ്ക്ക് ക്ഷണിക്കുന്നു.

(സഭ ഉച്ചയ്ക്കുശേഷം 2.17-ന് പിരിഞ്ഞു)